പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## യുവതീ-യുവാക്കൾക്ക് തൊഴിൽ കുടുംബശ്രീ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2780 — 10.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ..വർക്കല കഹാർ<br>,, അൻവർ സാദത്ത്<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, കെ.ശിവദാസൻ നായർ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| (എ) | യുവതീ-യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതിക്ക് കുടുംബശ്രീ തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന എന്ന കേന്ദ്രാവിഷ് കൃത പദ്ധതിയിലൂടെ 18–35 ഇടയിൽ പ്രായ മുള്ള കേരളത്തിലെ 30,000 ഗ്രാമീണ യുവജനങ്ങൾക്ക് പരിശീലനം നൽകി അവർക്ക് ജോലി ലഭ്യമാക്കുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | പ്രസ്തുത പദ്ധതിയിലൂടെ ആദ്യഘട്ടത്തിൽ കേരളത്തിലെ 30,000 ഗ്രാമീണ യുവജന ങ്ങൾക്ക് വിവിധ മേഖലകളിൽ പരിശീലനം കൊടുക്കു കയും തുടർന്ന് സംഘടിത മേഖലകളിൽ തൊഴിൽ കൊടുക്കുകയും ചെയ്യുന്നു. മൂന്ന് മുതൽ പന്ത്രണ്ട് മാസം വരെയുള്ള പരിശീ ലനകാലയളവിൽ താമസം, ഭക്ഷണം, യൂണിഫോം, യാത്ര ബത്ത തുടങ്ങിയവ സൗജന്യമായി ലഭിക്കുന്നു. പരിശീലനത്തിന് ശേഷം എൻസിവിടി അല്ലെങ്കിൽ എസ്സ്.എസ്സ്.സി അംഗീകാരമുള്ള സർട്ടിഫിക്കറ്റ് നൽകുന്നു. ആറായിരം രൂപ മുതൽ പതിനയ്യായിരം രൂപവരെയുള്ള മാസ ശമ്പളം ലഭിക്കുന്ന ജോലിയാണ് പരിശീലനത്തിനുശേഷം നൽകു ന്നത്. |
| (സി) | എന്തെല്ലാം സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ നൽകുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ പദ്ധതി തുകയുടെ 75% നൽകുന്നുണ്ട്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി ഭരണതല ത്തിൽ എന്തെല്ലാം സംവിധാനങ്ങൾ | (ഡി) | സംസ്ഥാന തലത്തിൽ പദ്ധതിയുടെ മേൽനോട്ടം വഹിക്കുവാനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന കോ-ഓർഡി |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തിയിട്ടുണ്ട്;<br>വ്യക്തമാക്കുമോ? | | നേഷൻ കമ്മിറ്റി നിലവിലുണ്ട്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ കുടുംബശ്രീ സംസ്ഥാന മിഷനിൽ സ്കിൽ ഡെവലപ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കീഴിൽ പ്രോഗ്രാം മാനേജർ (സ്കിൽസ്) നാല് സംസ്ഥാന കൺസൾട്ടന്റുമാരും ഉണ്ട്. ജില്ലകളിലെ മേൽനോട്ടത്തിനായി കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതാത് ജില്ലയിലെ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും, അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും, ജില്ലാ കൺസൾട്ടന്റും (സ്കിൽസ്) പ്രസ്തുത പദ്ധതിയുടെ മേൽ നോട്ടം വഹിക്കുന്നു. ബ്ലോക്ക് തലത്തിൽ ബ്ലോക്ക് കോ-ഓർഡിനേറ്ററും, പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റി റിസോഴ്സ്പേഴ്സൺ മാരും, നിലവിൽ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. പദ്ധതിയുടെ നടത്തിപ്പിനായി ഇതിനോടകം 23 പരിശീലന സ്ഥാപനങ്ങളുമായി കുടുംബശ്രീ മിഷൻ കരാറിലേർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ